# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4370** **13.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി വനിതകൾക്ക് ഷീ സ്മാർട്ട് കഫേയിൽ തൊഴിലവസരം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വനിതകളുടെ ഉപജീവന മാർഗ്ഗത്തിനുവേണ്ടി സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷം ആരംഭിച്ച ഷീ സ്മാർട്ട് കഫേയിൽ എസ്.ആർ.സി ഡയറക്ടറേറ്റിൽ വെച്ച് ട്രെയിനിങ് നൽകിയിട്ടുള്ള എത്ര പട്ടികജാതി വനിതകൾക്ക് തൊഴിലവസരം നൽകിയിട്ടുണ്ട്; | (എ) | ട്രെയിനിംഗ് നൽകിയിട്ടുള്ള 20 പേരിൽ 11 പേർക്ക് ജോലി നൽകിയതായി എസ്.ആർ.സി അറിയിച്ചിട്ടുണ്ട്. |
| (ബി) | അയ്യങ്കാളി ഭവനിലും സംസ്ഥാന പട്ടികജാതി ഡയറക്ടറേറ്റിൽ നിന്നും ആരംഭിച്ച ഷീ കോപ്പിയിൽ എസ്.ആർ.സി ട്രെയിനിങ് പൂർത്തീകരിച്ച പട്ടികജാതി വനിതകളെ ഉൾപ്പെടുത്താതെ പുറമേ നിന്നുള്ളവരാണ് ജോലി ചെയ്യുന്നത് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നന്ദാവനം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് പരിസരത്ത് ആരംഭിച്ച ഷീ സ്മാർട്ട് കഫേയിൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററിൽനിന്ന് പരിശീലനം ലഭിച്ച 6 വനിതകളാണ് നിലവിൽ ജോലി ചെയ്തു വരുന്നത്. ഇവിടെ പുറമെ നിന്നുള്ളവർ ജോലി ചെയ്യുന്നില്ല.<br>ഷീ സ്മാർട്ട് കഫേ അയ്യൻകാളി ഭവനിൽ ആരംഭിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച യൂണിറ്റിനെയാണ് കാന്റീൻ നടത്തുന്നതിന് തെരഞ്ഞെടുത്തത്. ടി കാന്റീൻ നടത്തിപ്പിന് പുറമെ നിന്നുള്ളവരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എസ്.ആർ.സി പരിശീലനം ലഭിച്ചവരെ ഒഴിവാക്കി എന്നും ആരോപിച്ച് ലഭിച്ച പരാതിയിൽ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറെ അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികജാതി വനിതകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എസ്.ആർ.സി വഴി ട്രെയിനിംഗ് നൽകി പുറത്തിറങ്ങിയ എല്ലാ വനിതകൾക്കും ജോലി ഉറപ്പായും ലഭിക്കുന്നുണ്ടെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇങ്ങനെ അവസരം ലഭിക്കാത്തവർക്ക് ഷീ സ്മാർട്ട് | (സി) | പട്ടികജാതി വനിതകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എസ്.ആർ.സി വഴി ട്രെയിനിംഗ് നൽകി പുറത്തിറങ്ങിയ 20 വനിതകളിൽ 11 പേർക്ക് 2 കഫേകളിലായി ജോലി നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പരിസരത്തും, നെയ്യാറ്റിൻകര സർക്കാർ ആശുപത്രി പരിസരത്തും പുതുതായി രണ്ട് കഫേകൾ |

| | | | |
|---|---|---|---|
| | കഫെ നടത്തുന്നതിനുള്ള അവസരം നൽകുമോ; | | ആരംഭിക്കുവാൻ നടപടിയായിട്ടുണ്ട്. ടി കഫേകൾ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 9 പേർക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം എസ്.ആർ.സി യ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | എസ്.ആർ.സി.യിൽ ട്രെയിനിങ് പൂർത്തിയാക്കിയ പട്ടികജാതി വനിതകൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ആയത് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ